മത്സ്യത്തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ

9 (*366) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും മത്സ്യത്തൊഴിലാളി ഭവനങ്ങളിലും ഗ്രാമങ്ങളിലും വൈദ്യുതി ലഭ്യമാക്കുന്നതിനും പദ്ധതിയുണ്ടോ ;

(ബി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) വെളിപ്പെടുത്താം. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുചീകരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, മത്സ്യത്തൊഴിലാളി ഭവനങ്ങളോടനുബന്ധിച്ച് കക്കൂസുകൾ നിർമ്മിക്കുന്നതിനായി താഴെ പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ഡാനിഡ മാതൃകയിലുള്ള കക്കൂസ് നിർമ്മാണ പദ്ധതി.
2. ഹഡ്കോയുടെ ധനസഹായത്തോടെയുള്ള കക്കൂസ് നിർമ്മാണ പദ്ധതി.

തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾ പ്രകാരം, കക്കൂസ് നിർമ്മാണത്തിന്റെ യൂണിറ്റ് ചെലവ് 2,500 രൂപയാണ്.

ഡാനിഡ മാതൃകയിലുള്ള കക്കൂസ് നിർമ്മാണ പദ്ധതിയിൽ, യൂണിറ്റ് ചെലവായ 2,500 രൂപ മുഴുവനായി ഗുണഭോക്താവിന് ഗ്രാന്റായി അനുവദിക്കുന്നു.

ഹഡ്കോയുടെ ധനസഹായത്തോടെയുള്ള കക്കൂസ് നിർമ്മാണ പദ്ധതിയിൻകീഴിൽ 1,200 രൂപ ഹഡ്കോയുടെ ലോണായും, 750 രൂപ സർക്കാർ സബ്സിഡിയായും അനുവദിക്കുന്നു. ബാക്കിവരുന്ന 550 രൂപ ഗുണഭോക്താവ് തന്റെ വിഹിതമായി കണ്ടെത്തേണ്ടതാണ്.

മേൽപ്പറഞ്ഞ രണ്ട് പദ്ധതികളുടെ നടത്തിപ്പിലേക്കായി ഈ വർഷത്തെ ബഡ്ജറ്റിലും തുക വകയിരുത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിലേക്കായി "തീരജ്യോതി" എന്ന ഒരു പദ്ധതി 1996-97 മുതൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവിന് വീടൊന്നിന് 1,000 രൂപ എന്ന

LIBRARY ARCHIVES Kerala Legislative Assembly

കണക്കിൽ ധനസഹായം നൽകിവരുന്നു. ഈ പദ്ധതിക്കായി തന്നാണ്ടത്തെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ ഇതുവരെ 1587 മത്സ്യത്തൊഴിലാളി ഭവനങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, ഫിഷറീസ് ഡിസ്പെൻസറികൾ, ഗൈഡ് ലൈറ്റുകൾ എന്നിവ സ്ഥാപിച്ചു വരുന്നുണ്ട്.

ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്ന മത്സ്യത്തൊഴിലാളി മേഖലകളിൽ, ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, ഫിഷറീസ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം ഫിഷറീസ് വകുപ്പ് നിർമ്മിച്ച് ആരോഗ്യ വകുപ്പിന് കൈമാറി വരുന്നു.

ഗൈഡ് ലൈറ്റുകൾ അത്യാവശ്യമാണെന്ന് കാണുന്ന പ്രദേശങ്ങളിൽ, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, അവ സ്ഥാപിച്ചു വരുന്നു.

മേൽപറഞ്ഞ രണ്ട് കാര്യങ്ങൾക്കുമായി തന്നാണ്ടത്തെ ബഡ്ജറ്റിലും തുക വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്ന വിദേശികൾ

10 (*367) ശ്രീ. എം. മുരളി :
ശ്രീ. കെ. സുധാകരൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരക്കടലിലും ഉൾക്കടലിലും ഏതെല്ലാം വിദേശികളും മറ്റു സംസ്ഥാനക്കാരും മത്സ്യബന്ധനം നടത്തുന്നുണ്ട് ;

(ബി) വിദേശികളും മറ്റു സംസ്ഥാനക്കാരും കേരളത്തിന്റെ തീരക്കടലിലും ഉൾക്കടലിലും മത്സ്യം പിടിക്കുന്നത് സമാധാനഭഞ്ജനത്തിന് ഇടയാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന് എപ്രകാരം പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു ;

(ഡി) നമ്മുടെ രാജ്യത്തിന്റെ ടെറിട്ടോറിയൽ വാട്ടേഴ്സിന്റെ പരിധി എത്രയാണ് ;

(ഇ) ഈ പരിധിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്ന വിദേശികളുടെ മത്സ്യബന്ധന സംവിധാനം പിടിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിനുള്ള സംവിധാനം എന്തെന്ന് വിശദീകരിക്കാമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) തീരക്കടലിൽ തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ മത്സ്യബന്ധനം നടത്താറുണ്ട്. ഈ ഭാഗത്ത് വിദേശികൾ മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly